ഉത്തരം

(എ) ഡയറക്ടർ ജനറൽ —2
ഇൻസ്പെക്ടർ ജനറൽ —5
ഡപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ—20

(ബി ആൻഡ് സി) ഡയറക്ടർ ജനറൽ — 3
ഇൻസ്പെക്ടർ ജനറൽ — 7
ഡപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ— 11

കൂടാതെ ഇൻസ്പെക്ടർ ജനറൽ ഗ്രേഡിലുള്ള രണ്ടുപേരും ഡപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഗ്രേഡിലുള്ള അഞ്ചു പേരും മറ്റു വകുപ്പുകളിലും, ഡയറക്ടർ ജനറൽ ഗ്രേഡിലുള്ള ഒരാളും ഇൻസ്പെക്ടർ ജനറൽ ഗ്രേഡിലുള്ള മൂന്നു പേരും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നു.

പോലീസുകാരുടെ ശമ്പള വർദ്ധനവ്

401. [510] ശ്രീ. ഫ്രാൻസിസ് നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്ര പോലീസ് ഉദ്യോഗസ്ഥൻമാർക്ക് പുതുക്കിക്കൊടുത്ത ശമ്പള വർദ്ധനവ് സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥൻമാർക്കും നൽകാൻ നടപടി എടുക്കുമോ ?

ഉത്തരം

അത്തരം നടപടി ഒന്നും ഇപ്പോൾ പരിഗണനയിൽ ഇല്ല.

സരസൻ കേസിനത്തിൽ ഗവൺമെൻറിന് ചെലവായ തുക

402. [512] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സരസൻ കേസിനത്തിൽ ഗവൺമെൻറിന് ഇതുവരെ എന്ത് തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സരസൻ കേസിനത്തിൽ തെക്കൻ കർണ്ണാടകത്തിലേയ്ക്കു പോകുന്നതിനും ആവശ്യത്തിലേക്കായി സർക്കാരിനു 2,000 രൂപ ചെലവായിട്ടുണ്ട്.

മന്ത്രിമാരുടെയും മന്ത്രിമാരെ അനുഗമിച്ചവരുടേയും വാഹനങ്ങൾ ഇടിച്ച് പരിക്കുപറ്റിയവർ

403. [513] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരുടെയും അവരെ അനുഗമിച്ച ഉദ്യോഗസ്ഥൻമാരുടെയും വാഹനങ്ങൾ ഇടിച്ചതുമൂലം സംസ്ഥാനത്തൊട്ടാകെ എത്രപേർക്ക് പരിക്ക് പറ്റിയിട്ടുണ്ട് ;

(ബി) ഇത്തരത്തിൽ പരിക്കുപറ്റിയവരിൽ ഇപ്പോഴും ചികിൽസയിൽ കഴിയുന്നവരെത്ര ;

(സി) ഇവരുടെ ചികിൽസക്കായി ഗവൺമെൻറ് എന്തെങ്കിലും സാമ്പത്തികസഹായം നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ അതെത്ര ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 75 പേർക്ക്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

തടവുകാരനെ മർദ്ദിച്ച സംഭവം

404. [514] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിൽ ജീവപര്യന്തം തടവുകാരനായി കഴിയുന്ന പി. സനൽകുമാറിനെ ജയിൽ അധികൃതർ ക്രൂരമായി മർദ്ദിച്ചുവെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് തടവുകാരിൽനിന്നും വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(ഡി) ജയിൽ അധികൃതരുടെ ഇത്തരം നടപടി അവസാനിപ്പിക്കാൻ ഗവൺമെന്റ് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) മർദ്ദനം നടന്നിട്ടില്ല.

(ബി) ഇല്ല.

(സി, ഡി) ഉദിക്കുന്നില്ല.

തിരുവനന്തപുരം സെൻട്രൽ ജയിലിലെ തടവുകാരുടെ നിരാഹാര സത്യാഗ്രഹം

405. [515] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിലെ സി. നമ്പർ 7788 8631, 4587 തടവുകാരനായ കുര്യൻ ജോസഫ്, ആൽബി, ഗോപി എന്നിവർ ആരംഭിച്ച നിരാഹാര സത്യാഗ്രഹം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) നിരാഹാരസത്യാഗ്രഹത്തിനാധാരമായി ഉന്നയിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണ് ;

(സി) അവയിൽ ഏതൊക്കെ ആവശ്യങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമാപ്പു നൽകി മോചിപ്പിക്കുവാനുള്ള ഉത്തരവിനായിട്ടാണ് സി. നമ്പർ 7788 കുര്യൻ സി. നമ്പർ. 8631 ആൽബി എന്നിവർ നിരാഹാരം ആരംഭിച്ചത്. സി. നമ്പർ 4587 ഗോപി മേൽ ആവശ്യത്തോടൊപ്പം മറ്റ് കുറെ ആവശ്യങ്ങളും ഉൾപ്പെടുത്തി ഒരു ഹർജി സമർപ്പിച്ചിട്ടുണ്ട്. അതിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്. [അനുബന്ധമായി ചേർത്തിരിക്കുന്നു†]

† അനുബന്ധം—III.

LIBRARY ARCHIVES Kerala Legislative Assembly